പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6453

08.11.2016 - ൽ മറുപടിക്ക്.

## പ്ലാസ്റ്റിക് വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ

<u>ചോദ്യം</u>
ശ്രീ. പി. ഉബൈദുള്ള

<u>മറുപടി</u>
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി).

| | |
|---|---|
| (എ) കേരളത്തിലെ പ്ലാസ്റ്റിക് വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിരോധിച്ചതും അല്ലാത്തതുമായ ക്യാരിബാഗുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിപ്പ് നടത്തി സംസ്ഥാനത്ത് കൊണ്ടു വന്ന് യഥേഷ്ടം വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ അവ തടയുന്നതിനും പ്ലാസ്റ്റിക് വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ; | (സി) : പ്ലാസ്റ്റിക് വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമപരമായ ഉപദേശങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. |
| (ഡി) ഓരോ ജില്ലയിലും റീ സൈക്ലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ? | (ഡി) : വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരിയിൽ ഉള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ കീഴിൽ ഒരു പ്ലാസ്റ്റിക് റീ സൈക്ലിങ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും ഇത് ആരംഭിക്കുന്നതിന് താത്പര്യമുള്ള സംരംഭകർ വന്നാൽ അവർക്ക് ആവശ്യമായ സഹായങ്ങൾ വ്യവസായ വാണിജ്യ വകുപ്പ് ചെയ്തു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.